**ചരമോപചാരം**

<u>എച്ച്. ആർ. ഭരദ്വാജിന്റെ നിര്യാണം സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: മുൻ കേരള ഗവർണ്ണറും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന എച്ച്. ആർ. ഭരദ്വാജ് 2020 മാർച്ച് 8-ന് അന്തരിച്ചു. ഹരിയാനയിലെ റോത്തക്കിൽ 1937 മേയ് 17-ന് എച്ച്. ആർ. ഭരദ്വാജ് ജനിച്ചു. കർണാടകെ ഗവർണ്ണറായിരിക്കെ എച്ച്. ആർ. ഭരദ്വാജ് 2012 ജനുവരി 26 മുതൽ 2013 മാർച്ച് 23 വരെയും 2014 മാർച്ച് 8 മുതൽ 2014 മാർച്ച് 11 വരെയുമാണ് കേരള ഗവർണ്ണറുടെ അധികച്ചുമതല വഹിച്ചിരുന്നത്. കേരള നിയമസഭയിൽ നയപ്രഖ്യാപനം നടത്തിയ ആദ്യത്തെ അധിക ചുമതലയുള്ള ഗവർണ്ണറാണ് എച്ച്.ആർ.ഭരദ്വാജ്.

1982-മുതൽ അഞ്ചുതവണ രാജ്യസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. രാജീവ് ഗാന്ധിയുടെയും പി.വി. നരസിംഹറാവുവിന്റെയും സർക്കാരുകളിൽ നിയമ സഹമന്ത്രിയായിരുന്നു. ഒന്നാം യു.പി.എ. ഗവൺമെന്റിൽ നിയമ മന്ത്രിയായിരുന്നു. നിയമ മന്ത്രിയായിരിക്കെ അദ്ദേഹം മുന്നോട്ടുവച്ച ഗ്രാമീണ ന്യായാലയ് എന്ന ആശയം ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. സ്വതന്ത്ര

ചുമതലയോടെ ആസൂത്രണവും പദ്ധതി നിർവ്വഹണവും വകുപ്പിന്റെ സഹമന്ത്രിയായും അദ്ദേഹം ചുമതല വഹിച്ചിട്ടുണ്ട്.

മികച്ച പാർലമെന്റേറിയൻ, കേന്ദ്രമന്ത്രി, ഗവർണ്ണർ എന്നീ നിലകളിൽ ശോഭിച്ച ഉന്നതനായ നേതാവിന്റെ വിയോഗം നമുക്ക് കനത്ത നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

## ടി. നാണു മാസ്റ്ററുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: മുൻ എം.എൽ.എ ടി. നാണു മാസ്റ്റർ 06.03.2020-ന് അന്തരിച്ചു.

വി.തേവൻ - കുഞ്ഞിലി ദമ്പതികളുടെ മകനായി 1942 ഫെബ്രുവരി 2-ന് ജനിച്ച ടി. നാണു മാസ്റ്റർ ഗവൺമെന്റ് സ്കൂളിലെ അദ്ധ്യാപനവൃത്തി രാജിവച്ച ശേഷമാണ് 1987-ൽ രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. ആർ.എസ്.പി. കേന്ദ്ര കമ്മിറ്റി അംഗമായിരുന്ന അദ്ദേഹം 1987, 1991, 1996 എന്നീ വർഷങ്ങളിലെ പൊതുതെരഞ്ഞെടുപ്പുകളിൽ കുന്നത്തൂർ മണ്ഡലത്തിൽ നിന്നും തുടർച്ചയായി 8, 9, 10 നിയമസഭകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് ആർ.എസ്.പി.യിൽ നിന്നും മാറി കോൺഗ്രസിലെത്തി. കെ.പി.സി.സി. നിർവാഹക സമിതി

അംഗം, ദേശീയ കർഷക തൊഴിലാളി ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു.

കുന്നത്തൂർ മണ്ഡലത്തിലെ സമഗ്ര വികസനത്തിന് നിസ്തുലമായ സംഭാവനകൾ നൽകിയ പരിശ്രമശാലിയായ നേതാവായിരുന്നു ടി. നാണു മാസ്റ്റർ. കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി നിയമസഭയ്ക്കകത്തും പുറത്തും അദ്ദേഹം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു.

ടി. നാണു മാസ്റ്ററുടെ നിര്യാണത്തോടെ സാധാരണക്കാരിൽ ഒരാളായി ജീവിച്ച ഒരു മികച്ച രാഷ്ട്രീയ പ്രവർത്തകനെയും ഒരു മാതൃകാ സാമൂഹ്യ പ്രവർത്തകനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)